മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ

എരുമേലി

മലയാളസാഹിത്യത്തിന്റെ ആരംഭം മുതൽ വർത്തമാനകാലംവരെയുള്ള ചരിത്രപരമായ വികാസപരിണാമങ്ങൾ അനുക്രമം അപഗ്രഥിച്ചു വിശദമാക്കുന്ന സമഗ്രമായ ഗ്രന്ഥമാണ് 'മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ'. സാഹിത്യ ചരിത്ര വസ്തുതകളുടെ വസ്തുനിഷ്ഠമായ അപഗ്രഥനം. സാഹിത്യത്തിന്റെ വികസനത്തിനും പരിവർത്തനത്തിനും പ്രേരകമായ ചരിത്ര-സാമുഹിക-സാംസ്കാരിക-രാഷ്ട്രീയ ഘടകങ്ങളുടെ യുക്തിപുർവമായ വിശകലനം. ഓരോ കാലഘട്ടത്തിലും സാഹിത്യത്തെ സ്വാധീനിച്ച ദർശനങ്ങളെ അടിസ്ഥാനമാക്കിയുള്ള സയുക്തിക ചിന്ത. എഴുത്തുകാരുടെ സാഹിത്യസംഭാവനകൾ സ്വതന്ത്രമായും നിഷ്പക്ഷമായും വിലയിരുത്തുന്നതിൽ കാണിച്ച സമചിത്തത തുടങ്ങിയവ ഈ ഗ്രന്ഥത്തിന്റെ സവിശേഷതകളാകുന്നു. പത്ത് ശതാബ്ദത്തിലേറെക്കാലത്തെ ചരിത്രപാരമ്പര്യമുള്ള മലയാളസാഹിത്യത്തിന്റെ സർവതലസ്പർശിയാണ് ഈ സാഹിത്യചരിത്രം. മലയാളസാഹിത്യത്തിന്റെ മഹത്തായ പൈതൃകവും ഇതരഭാഷാസാഹിത്യങ്ങളിലൂടെ അതിനു കൈവന്ന പുരോഗതിയും യാഥാർഥ്യബോധത്തോടെ ഇതിൽ പ്രതിപാദിക്കുന്നു. മലയാള സാഹിത്യത്തിന്റെ വിശാലതലങ്ങളിലേക്ക് ആഴത്തിൽ കടന്നുചെല്ലാൻ മാർഗദർശനം നല്കുന്ന മികച്ച സാഹിത്യചരിത്രം.

കവർ ഡിസൈൻ അജി

കറന്റ് ബുക്സ്

www.dcbooks.com

ISBN 81-240-0615-6

9 788124 006153 00015

സാഹിത്യചരിത്രം

₹ 595



മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ

എരുമേലി

Malayalam Language
Malayāla Sāhithyam Kālakhattangaliloote

History of Literature
by Prof. Erumeli Parameswaran Pillai

Rights Reserved

First Published May 1996
1st CB Edition September 1998
15th impression (7th edition) March 2017

Cover Design
Aji

Publishers
Current Books
An Imprint of D C Books
Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

Distributors
Current Books-D C Books
INDIA

D C Books Library Cataloguing in Publication Data
Parameswaran Pillai, Erumeli.
Malayalasahithyam kalaghattangaliloote/Erumeli Parameswaran Pillai.
784p., 21cm.
ISBN 81-240-0615-6
1. Malayalam literature. I. Title.
8M0.09* - dc 22
(*This is local variation of DDC number for Malayalam literature:
Malaytala sahithyam kalaghattangaliloote.)

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 81-240-0615-6

Printed in India
at D C Press, Kottayam, INDIA.

Current Books - The first Indian Book Publishing House to get ISO Certification

₹595.00

Sl.No.3338-L-9/17-CBD. 1064-2000-10900-0317-Spb. 18.6-p na-r(t) pm-d(t) hm

മുഖവുര

'മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ' ആദ്യം പ്രസിദ്ധീകരിച്ചത് 1966-ലാണ്. തുടർന്ന് ഓരോ പുതിയ പതിപ്പ് പ്രസിദ്ധീകരിക്കുമ്പോഴും പുസ്തകം പരിഷ്കരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്തു കൊണ്ടിരുന്നു. 2011-വരെയുള്ള സാഹിത്യരചനകൾ പരിശോധിച്ച് വിപുലപ്പെടുത്തിയ പതിപ്പാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. ഇത് പതിനഞ്ചാം പതിപ്പ്. പുസ്തകം പൂർണമായി പുനഃക്രമീകരിക്കുകയും കൂടുതൽ വസ്തുതകൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മലയാളസാഹിത്യത്തിന്റെ ചരിത്രവും വികാസപരിണാമങ്ങളും സമഗ്രമായി പ്രതിപാദിക്കാൻ നടത്തിയ എളിയ പ്രവർത്തനഫലമാണ് ഈ സാഹിത്യചരിത്രം. എല്ലാ വിവരങ്ങളും കഴിയുന്നത്ര ഉൾപ്പെടുത്താൻ ശ്രദ്ധിച്ചിട്ടുണ്ട്. എന്തെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അത് മനഃപൂർവമല്ല. കുറവുകളില്ലാത്ത സമ്പൂർണ സാഹിത്യചരിത്രമാണ് ഇതെന്ന അവകാശവാദവുമില്ല. മലയാള സാഹിത്യചരിത്രം മുഴുവൻ ഒറ്റവാല്യത്തിൽ ഉൾപ്പെടുത്താനുള്ള പ്രായോഗിക വിഷമതകൾ ഊഹിക്കാവുന്നതേയുള്ളൂ. വായനക്കാരായ സുഹൃത്തുക്കൾ പോരായ്മകൾ ചൂണ്ടിക്കാണിക്കുന്നത് ഉപകാരപ്രദമാണ്.

ഗ്രന്ഥകാരസൂചി മാത്രമേ ഉൾപ്പെടുത്താൻ സാധിച്ചിട്ടുള്ളൂ. അതും മലയാള സാഹിത്യകാരന്മാരുടേതു മാത്രം. പുസ്തകത്തിൽ ഉൾപെടുത്തിയിട്ടുള്ള മുഴുവൻ എഴുത്തുകാരുടേയും പേരുകൾ ഗ്രന്ഥകാരസൂചികയിൽ രേഖപ്പെടുത്താൻ സ്ഥലപരിമിതി കാരണം കഴിഞ്ഞിട്ടില്ല. ഗ്രന്ഥസൂചിയും ഇതിൽ ചേർത്തിട്ടില്ല. പ്രധാന റഫറൻസ് ഗ്രന്ഥങ്ങളുടെയും ചരിത്രപരമായി എടുത്തുപറയേണ്ട പ്രമുഖ എഴുത്തുകാരുടെയും വിവരങ്ങൾ ചില അധ്യായങ്ങളുടെ അവസാനം കൊടുത്തിട്ടുണ്ട്. ഇവിടേയും പരിമിതികളുണ്ട്.

എല്ലാ എഴുത്തുകാരെയും കൃതികളെയും ഈ സാഹിത്യചരിത്രത്തിൽ പരാമർശിക്കാൻ സാധിച്ചിട്ടില്ല. അതൊരു കുറവാണെന്ന് അറിയാം. പ്രായോഗിക വൈഷമ്യങ്ങളാണ് ഇവിടെയും തടസ്സം സൃഷ്ടിച്ചത്. പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ മുഴുവൻ ശേഖരിച്ചുവയ്ക്കുന്ന ഒരു കേന്ദ്രലൈബ്രറി സംവിധാനം കേരളത്തിലില്ല. പ്രാദേശിക തലങ്ങളിൽ, പുതിയ എഴുത്തുകാർ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാറുണ്ട്. അവയിൽ പലതും വ്യക്തിപരമായ വിതരണ ശൃംഖലയിൽ പെടുന്നതിനാൽ പ്രധാന ഗ്രന്ഥശാലകളിലോ, പുസ്തക വില്പനശാലകളിലോ കിട്ടാറില്ല. കേരളസാഹിത്യ അക്കാദമി വളരെ ശ്രദ്ധാപൂർവം പരിശ്രമിച്ചിട്ടുപോലും മലയാളത്തിൽ പ്രസിദ്ധീകരിക്കുന്ന എല്ലാ പുസ്തകങ്ങളും അക്കാദമി ഗ്രന്ഥാലയത്തിൽ ശേഖരിച്ചുവയ്ക്കാൻ സാധിക്കുന്നില്ല. പുസ്തകപ്രസിദ്ധീകരണം സംബന്ധിച്ച് ശരിയായ നിയമങ്ങൾ ഉണ്ടായിട്ടും ഇതാണ് അവസ്ഥ.

ഈ സാഹിത്യചരിത്രത്തിന്റെ രചനയ്ക്ക് ഇതേവരെ പ്രസിദ്ധീകരിച്ച എല്ലാ മലയാളസാഹിത്യചരിത്രഗ്രന്ഥങ്ങളും പ്രധാനപ്പെട്ട ഇതര ഭാഷാസാഹിത്യചരിത്രഗ്രന്ഥങ്ങളും ഒട്ടനവധി സാഹിത്യനിരൂപണഗ്രന്ഥങ്ങളും റഫറൻസ് ഗ്രന്ഥങ്ങളും ആനുകാലികങ്ങളും സഹായകമായിട്ടുണ്ടെന്ന വസ്തുത കൃതജ്ഞതയോടെ രേഖപ്പെടുത്തുന്നു.

എരുമേലി പരമേശ്വരൻപിള്ള

ചെട്ടികുളങ്ങര,
മാവേലിക്കര-6.
30-7-2012

ഉള്ളടക്കം

17–58

അധ്യായം ഒന്ന്: ഭാഷയുടെ ഉൽപത്തി

ആമുഖം-ചരിത്രവും സാഹിത്യചരിത്രവും-ഭാഷ-ഭാഷാഗോത്രങ്ങൾ-ദ്രാവിഡ
ഗോത്രം-ദേശചരിത്രം-കേരളം എന്ന പേര്-പ്രാചീനത-ഭരണസംവിധാനം-സംഘ
കാലം-സംഘകാല കൃതികൾ-സവിശേഷതകൾ-ഭാഷയുടെ പേര്-ഉൽപത്തി-
സംസ്കൃത ജന്യവാദം-ഭാഷാമിശ്ര വാദം-തമിഴിന്റെ ഉപഭാഷ-മലയാളം-മൂലദ്രാവിഡ
ഭാഷയിലെ സ്വതന്ത്രശാഖ-ഭാഷാഭേദങ്ങൾ-ഉപഭാഷകൾ-മലയാളലിപി-പരല്പേര്-
ഭാഷയും സാഹിത്യവും-സാഹിത്യചരിത്രം-കാലവിഭജനം-പ്രാചീനകാലം-മധ്യ
കാലം-ആധുനിക കാലം

59–83

അധ്യായം രണ്ട്: പാട്ടുഭാഷാസാഹിത്യം

സാഹിത്യത്തിന്റെ ഉദയാങ്കുരങ്ങൾ-പാട്ടുപ്രസ്ഥാനം-പാട്ടിന്റെ ലക്ഷണം-രാമചരിതം-
കാലവും കവിയും-ഇതിവൃത്തം-സവിശേഷതകൾ-പാട്ടുസാഹിത്യത്തിന്റെ പുതിയ
മുഖം-കണ്ണശ്ശകൃതികൾ-നിരണം കൃതികൾ-കവികൾ-കാലം-ഭാഷാഭഗവദ്ഗീത-
ഭാരതമാല-രാമായണം-ഭാഗവതം; ഭാരതം; ശിവരാത്രിമാഹാത്മ്യം-കണ്ണശ്ശകൃതി
കളുടെ പ്രസക്തി-രാമകഥപ്പാട്ട്-ഭാരതം പാട്ട്-പയ്യന്നൂർപാട്ട്-തിരുനിഴൽമാല

84–127

അധ്യായം മൂന്ന്: ഫോക്‌ലോർ—നാടൻപാട്ടുകൾ, മാപ്പിളപ്പാട്ടുകൾ

എന്താണ് ഫോക്‌ലോർ-ഇതര വിജ്ഞാനശാഖകളുമായുള്ള ബന്ധം-ചരിത്രത്തി
ലൂടെ-കേരളത്തിൽ-നാടൻപാട്ടുകൾ-ആദിരൂപം-ആത്മീയവും മതപരവും-ഭദ്രകാളി
പ്പാട്ട്-ബ്രാഹ്മണിപ്പാട്ട്-സർപ്പപ്പാട്ട്-യാത്രക്കളിപ്പാട്ട്-കുത്തിയോട്ടപ്പാട്ട്-തുയിലുണർ
ത്തുപാട്ട്-ലൗകികം-കൃഷിപ്പാട്ടുകൾ-സാമൂഹിക ഗാനങ്ങൾ-വിനോദപ്പാട്ടുകൾ-സാമു
ദായിക ഗാനങ്ങൾ: ക്രിസ്ത്യാനികളുടെ പാട്ടുകൾ-കഥാഗാനങ്ങൾ-വീരകഥാഗാന
ങ്ങൾ-വടക്കൻ പാട്ടുകൾ-തെക്കൻ പാട്ടുകൾ-നാടൻ ജീവിതത്തിന്റെ വീര്യവും നറു
മണവും-മാപ്പിളപ്പാട്ടുകൾ-പാട്ടുകൾ വിവിധതരം-മലപ്പാട്ടുകൾ-പടപ്പാട്ടുകൾ-കെസ്സു
പാട്ടുകൾ-കത്തുപാട്ടുകൾ-കല്യാണപ്പാട്ടുകൾ-സർക്കീട്ടുപാട്ടുകൾ-മുഹ്‌യുദീൻമാല
കപ്പപ്പാട്ട്-സഫലമാല-ബദർപടപ്പാട്ട്-മലപ്പുറം പടപ്പാട്ട്-ബദറുൽ മുനീർ ഉസ്നുജമാൽ.

128–155

അധ്യായം നാല്: മണിപ്രവാള സാഹിത്യം

പശ്ചാത്തലം-ലീലാതിലകം-മണിപ്രവാള ലക്ഷണം-കൂത്ത്; പാഠകം; കൂടിയാട്ടം-
തോലൻ-വൈശികതന്ത്രം-ചമ്പുക്കൾ-ലക്ഷണം-ആദ്യകാല ചമ്പുക്കൾ-ഉണ്ണിയച്ചീ
ചരിതം-ഉണ്ണിച്ചിരുതേവീ ചരിതം-ഉണ്ണിയാടീ ചരിതം-ചന്ദ്രോത്സവം-ഇതിവൃത്തം-
മധ്യകാലചമ്പുക്കൾ-രാമായണം ചമ്പു-ഭാരതം ചമ്പു-നൈഷധം ചമ്പു-രാജരത്നാ
വലീയം; കൊടിയവിരഹം; ബാണയുദ്ധം-ചെല്ലൂരനാഥോദയം; തെങ്കൈലനാഥോദയം;
നാരായണീയം-ഉഷാകല്യാണം-പാലാഴിമഥനം-സന്താനഗോപാലം-ഹൈദർ
നായ്ക്കർ-സുജാതോദ്വാഹം-ശ്രീചിത്രാഭിഷേകം-പദ്യരത്നം-ഇതരകൃതികൾ-സ്തോ
ത്രങ്ങൾ-അനന്തപുരവർണ്ണന-വിലയിരുത്തുമ്പോൾ

156–163

അധ്യായം അഞ്ച്: സന്ദേശകാവ്യങ്ങൾ

പൂർവചരിത്രം-കാവ്യസ്വരൂപം-ഉണ്ണുനീലിസന്ദേശം-കോകസന്ദേശം-ഭൃംഗസന്ദേശം-മയൂര
സന്ദേശം-ഇതര സന്ദേശകാവ്യങ്ങൾ-ആത്മസന്ദേശം-ഹംസസന്ദേശം-ദാത്യൂഹ
സന്ദേശം-കോകിലസന്ദേശം- ശുകസന്ദേശം-വിപ്രസന്ദേശം, ഗരുഡസന്ദേശം,
കപോലസന്ദേശം, ഭൂപസന്ദേശം, റാണിസന്ദേശം, ഇന്ദിരാസന്ദേശം.

164–171

അധ്യായം ആറ്: കൃഷ്ണഗാഥ

കവിയും കാലവും-കഥാവസ്തു-മൂല്യവിചിന്തനം-കാവ്യദർശനം-ഭാരതഗാഥ

172–192

അധ്യായം ഏഴ്: എഴുത്തച്ഛൻ: കിളിപ്പാട്ടു സാഹിത്യം

ജീവിതം-ചുരുക്കത്തിൽ-കിളിപ്പാട്ടു പ്രസ്ഥാനം-കൃതികൾ-വയനാടൻ രാമായണം-
പശ്ചാത്തലം-ഭാഷയിൽ മൗലിക പരിവർത്തനം-ഭക്തിയുടെ ഉദാത്തസാന്നിധ്യം-
ജീവിതദർശനം-കാവ്യസൗന്ദര്യം-പരിവർത്തനത്തിന്റെ ദീപശിഖ-കിളിപ്പാട്ട്-എഴുത്ത
ച്ഛനുശേഷം-ഗിരിജാകല്യാണം

അധ്യായം എട്ട്: ആത്മവിശുദ്ധിയുടെ ഋജുരേഖകൾ 193–198

പൂന്താനം: ഭക്തിയുടെ തേനുറവ-രാമപുരത്തു വാര്യർ-കുചേലവൃത്തം വഞ്ചിപ്പാട്ട്

അധ്യായം ഒൻപത്: ആട്ടക്കഥാ സാഹിത്യം 199–207

കഥകളി-നൃത്ത്യകല-ഘടകങ്ങൾ-കൃഷ്ണനാട്ടം; രാമനാട്ടം-കോട്ടയം കൃതികൾ-
ഉണ്ണായി വാര്യർ-നളചരിതം-ഇരയിമ്മൻ തമ്പി-ഉത്തരാസ്വയംവരം-ദക്ഷയാഗം-
കീചകവധം-വി. കൃഷ്ണൻതമ്പി-താടകാവധം-കിളിമാനൂർ തമ്പുരാൻ-രാവണ
വിജയം-വയസ്ക്കര മൂസ്സ്-കുട്ടിക്കുഞ്ഞിത്തങ്കച്ചി-വി. വിജയൻ-പൊതുവീക്ഷണം

അധ്യായം പത്ത്: കുഞ്ചൻ നമ്പ്യാർ—തുള്ളൽ സാഹിത്യം 208–217

കുഞ്ചൻ നമ്പ്യാർ-കലാരൂപത്തിൽ നവീനത-കാവ്യവീക്ഷണം-ജനകീയ കവിത
യുടെ ഉദയം-കേരളീയത-നാട്ടറിവിന്റെ മൂല്യബോധം-ജാതിവ്യവസ്ഥയ്ക്കെതിരെ-
മാനവികത-തുള്ളൽപ്രസ്ഥാനം നമ്പ്യാർക്കുശേഷം

അധ്യായം പതിനൊന്ന്: മലയാളഗദ്യം—പതിനെട്ടാം നൂറ്റാണ്ടുവരെ 218–228

ആമുഖം-മലയാളത്തിൽ-ചരിത്രരേഖകൾ-ശാസനങ്ങൾ-സാഹിത്യം- ഭാഷാകൗടി
ലീയം-ദൂതവാക്യം- മിഷനറിമാരുടെ സംഭാവനകൾ-ഉദയംപേരൂർ സൂനഹദോസ്-
ഹോർത്തൂസ് മലബാറിക്കൂസ്-അർണോസ് പാതിരി, വേദതർക്കം-വർത്തമാന
പ്പുസ്തകം-സംക്ഷേപവേദാർത്ഥം-ജ്ഞാനമുത്തുമാല-കൂണ്ടറവിളംബരം

അധ്യായം പന്ത്രണ്ട്: പുതുപ്പിറവി—ഗദ്യത്തിലും കവിതയിലും 229–258

ഗദ്യശാഖയുടെ മുഖം തെളിയുന്നു-ബഞ്ചമിൻ ബെയ്ലി-ഗുണ്ടർട്ട്-ജോർജ്
മാത്തൻ-ആർച്ചുഡീക്കൻ കോശി-ഉമ്മൻ ഫീലിപ്പോസ്-റിച്ചാർഡ് കോളിൻസ്-
കേരളപഴമ-സത്യവേദഖേടം-ബാലാഭ്യസനം-സ്വാതിതിരുനാൾ-കോവുണ്ണി നെടു
ങ്ങാടി-അജ്ഞാനകുഠാരം-വലിയകോയിത്തമ്പുരാന്റെ നേതൃത്വം-പദ്യസാഹിത്യ
ത്തിൽ ക്രിസ്ത്യാനികളുടെ ആദ്യകാല സംഭാവനകൾ-കവിതയിൽ നവസരണി
കൾ-വെണ്മണിപ്രസ്ഥാനം-പശ്ചാത്തലം-വെണ്മണിക്കവികൾ-പരിവർത്തനം-
ഉള്ളുണർവിന്റെ പാത-സഹകവികൾ-കൊടുങ്ങല്ലൂർകുഞ്ഞിക്കുട്ടൻ തമ്പുരാൻ-
നടുവംകവികൾ-ശീവൊള്ളി-ഒറവങ്കര-കാത്തുള്ളിൽ-ചാത്തുക്കുട്ടി മന്നാടിയാർ-
പെരുനെല്ലി-വെളുത്തേരി-കൊട്ടാരത്തിൽ ശങ്കുണ്ണി-കുണ്ടൂർ-പൂന്തോട്ടം-ഒടുവിൽ-
മൂലൂർ എസ്. പത്മനാഭ പണിക്കർ-കെ. പി. കറുപ്പൻ-കവിതാവിനോദങ്ങൾ-
കേരളവർമ പ്രസ്ഥാനം; രാജരാജവർമ പ്രസ്ഥാനം-ദ്വിതീയാക്ഷരപ്രാസവാദം-
എ.ആർ. രാജരാജവർമ-മഹാകാവ്യപ്രസ്ഥാനം-മഹാകാവ്യലക്ഷണം-രാമചന്ദ്ര
വിലാസം-രുഗ്മാംഗദചരിതം-ഉമാകേരളം-കേശവീയം-ചിത്രയോഗം-ശ്രീയേശു
വിജയം-ഇതരമഹാകാവ്യങ്ങൾ-പാണ്ഡവോദയം-വഞ്ചീശവംശം-മലയാംകൊല്ലം-
സാവിത്രിമാഹാത്മ്യം-രാഘവാഭ്യുദയം-ഉത്തരഭാരതം-രഘുവീരവിജയം-വേദ
വിഹാരം-വിശ്വദീപം-ക്രിസ്തുചരിതം-ഊർമിള-ഗുരുദേവചരിതം- കേരളസംഭവം-
മാഹമ്മദം-മാധവന്റെ മഹാകാവ്യം-ഗുരുദേവകർണാമൃതം-പരിഭാഷകൾ- വിലയി
രുത്തുമ്പോൾ-മുക്തകങ്ങൾ-മലയാളത്തിൽ-അക്ഷരശ്ലോകം-കൂട്ടുകവിതാ
പ്രസ്ഥാനം-പച്ചമലയാളപ്രസ്ഥാനം

അധ്യായം പതിമൂന്ന്: നവോത്ഥാനം കവിതയിൽ 259–281

ഖണ്ഡകാവ്യപ്രസ്ഥാനം-ഖണ്ഡകാവ്യങ്ങൾ-മലയാളത്തിൽ-വിലാപകാവ്യങ്ങൾ-
മലയാളത്തിൽ-മലയവിലാസം-ദൈവയോഗം-ആസന്നമരണചിന്താശതകം-
വീണപൂവ്-വിശ്വരൂപം-മീനാക്ഷി-നളിനി-ലീല-ഗ്രാമവൃക്ഷത്തിലെ കുയിൽ-ദുര
വസ്ഥ-ചിന്താവിഷ്ടയായ സീത-കരുണ-ചണ്ഡാലഭിക്ഷുകി-ബധിരവിലാപം-
ബന്ധനസ്ഥനായ അനിരുദ്ധൻ-ഗണപതി-ശിഷ്യരും മകനും-മഗ്ദലനമറിയം-
അച്ഛനും മകനും-കൊച്ചുസീത-കർണഭൂഷണം-ഭക്തിദീപിക-ചിത്രശാല-വിലാപ
കാവ്യങ്ങൾ-സി.എസ്. സുബ്രഹ്മണ്യൻ പോറ്റി-ഒരു വിലാപം-വി.സി. ബാല
കൃഷ്ണപ്പണിക്കർ-ഒരു വിലാപം-നാലപ്പാട്ട് നാരായണമേനോൻ-കണ്ണുനീർ
ത്തുള്ളി-പ്രരോദനം-രമണൻ-ഇതര വിലാപകാവ്യങ്ങൾ-ലോകാന്തരങ്ങളിൽ-
ഹൃദയരോദനം-മാതൃസ്മരണ-ശാന്തിഗീതം-മഹച്ചരമം-കവിതയിൽ ആധ്യാത്മിക
ചൈതന്യം: ചട്ടമ്പി സ്വാമികൾ; ശ്രീനാരായണ ഗുരു-കാല്പനികതയുടെ ഇളം

ചൂട്-കുട്ടമത്ത് കവികൾ-പന്തളം കേരളവർമ-കട്ടക്കയം-കെ.വി. സൈമൺ-
എം.ആർ. കൃഷ്ണവാരിയർ-കൊട്ടാരത്തിൽ ശങ്കുണ്ണി-പി.വി. കൃഷ്ണവാരിയർ-
വാരനാട്ട് കെ.പി. ശാസ്ത്രികൾ-കണ്ടത്തിൽ വർഗീസ് മാപ്പിള-വേലുക്കുട്ടി അര
യൻ- മേലങ്ങത്ത്-പേട്ടയിൽ രാമൻപിള്ള ആശാൻ-എരുവയിൽ ചക്രപാണി വാരിയർ

അധ്യായം പതിന്നാല്: കവിത്രയത്തിന്റെ കവിത:
കാല്പനികതയുടെ മധ്യാഹ്നപ്രഭ 282–306

പശ്ചാത്തലം-കുമാരനാശാൻ-പശ്ചാത്തലം-കാവ്യലോകം-ഭാവഭദ്രത-ജീവിത
വീക്ഷണം-വിപ്ലവബോധം-ഉള്ളൂർ എസ്. പരമേശ്വരയ്യർ-പശ്ചാത്തലം-കാവ്യ
പ്രപഞ്ചം-അനുകർത്താക്കളില്ലാത്ത കവി-വള്ളത്തോൾ നാരായണമേനോൻ-
ജീവിതപശ്ചാത്തലം-കാവ്യജീവിതം-വികാസപരിണാമങ്ങൾ-നവോത്ഥാനത്തിന്റെ
ശബ്ദം-പുതുയുഗ സ്രഷ്ടാക്കൾ-കവിത്രയത്തിന്റെ വഴിത്താരയിലൂടെ-നാലപ്പാട്ട്
നാരായണമേനോൻ-കുറ്റിപ്പുറത്തു കേശവൻനായർ-പള്ളത്തു രാമൻ-സർദാർ
കെ.എം. പണിക്കർ-വി. ഉണ്ണികൃഷ്ണൻ നായർ-എൻ. ഗോപാലപിള്ള-കെ. കെ.
രാജാ-വി.കെ. ഗോവിന്ദൻ നായർ-ഓട്ടൂർ ഉണ്ണിനമ്പൂതിരിപ്പാട്-വി.വി.കെ. നമ്പ്യാർ-
പി. ശങ്കരൻ നമ്പ്യാർ-കെ.എസ്.കെ. തളിക്കുളം-കെ. അയ്യപ്പൻ-ടി.എസ്. തിരു
മുമ്പ്-ബോധേശ്വരൻ-നാലാങ്കൽ കൃഷ്ണപിള്ള-മേരി ജോൺ തോട്ടം-മുതുകുളം
പാർവതിയമ്മ-ലളിതാംബിക അന്തർജനം-മറ്റു കവികൾ

അധ്യായം പതിനഞ്ച്: കവിത—പുതിയ ചാലുകൾ, പുതിയ മാനങ്ങൾ 307–388

പശ്ചാത്തലം-ഭാവാത്മകകവിത-ആഖ്യാന കവിതകൾ-ജി. ശങ്കരക്കുറുപ്പ്-വെണ്ണി
ക്കുളം ഗോപാലക്കുറുപ്പ്-എൻ. ബാലാമണിയമ്മ-പി. കുഞ്ഞിരാമൻ നായർ-പാലാ
നാരായണൻനായർ-ഒളപ്പമണ്ണ-അക്കിത്തം-എം.പി. അപ്പൻ-സി.എ. ജോസഫ്-
വിഷാദാത്മകതയുടെ ആഴങ്ങളിൽ-ഇടപ്പള്ളി രാഘവൻപിള്ള-ചങ്ങമ്പുഴ കൃഷ്ണ
പിള്ള-ജീവിതബോധത്തിന്റെ തീക്ഷ്ണജ്വാലകൾ-ഇടശ്ശേരി-വൈലോപ്പിള്ളി-
എൻ.വി. കൃഷ്ണവാര്യർ-വയലാർ രാമവർമ-ഒ.എൻ.വി. കുറുപ്പ്-പി. ഭാസ്കരൻ-
തിരുനല്ലൂർ കരുണാകരൻ-പുതുശ്ശേരി രാമചന്ദ്രൻ-പുനലൂർ ബാലൻ-കെ.പി.ജി.
നമ്പൂതിരി-കെടാമംഗലം പപ്പുക്കുട്ടി-സുഗതകുമാരി-എൻ. എൻ. കക്കാട്-വിഷ്ണു
നാരായണൻ നമ്പൂതിരി-ജി. കുമാരപിള്ള-കെ. അയ്യപ്പപ്പണിക്കർ-കടമ്മനിട്ട
രാമകൃഷ്ണൻ-കടത്തനാട്ട് മാധവിയമ്മ-ടി. ഉബൈദ്-പന്തളം കെ.പി.-വി.ടി. കുമാ
രൻ-എം. ഗോവിന്ദൻ-പുത്തൻകാവ് മാത്തൻ തരകൻ-സി.ജെ. മണ്ണുമ്മൂട്-കടവനാട്
കുട്ടികൃഷ്ണൻ-അപ്പൻ തച്ചേത്ത്-കരിമ്പുഴ രാമചന്ദ്രൻ-വി.എ. കേശവൻ നമ്പൂ
തിരി-കാവാലം വിശ്വനാഥക്കുറുപ്പ്-പുലാക്കാട്ട് രവീന്ദ്രൻ-സി. കൃഷ്ണൻനായർ-
എസ്. രമേശൻനായർ-എൻ.ഡി. കൃഷ്ണനുണ്ണി-ടി.ആർ. നായർ-വിദ്വാൻ എം.ഒ.
അവര-ഒ.എം. അനുജൻ-വെന്നി വാസുപിള്ള-കെ.പി.ബി. പാട്യം-കൃഷ്ണൻ പറ
പ്പള്ളി-ഡി. ശ്രീമാൻ നമ്പൂതിരി-ബി. ഉണ്ണികൃഷ്ണൻ-എ.വി. ശ്രീകണ്ഠപ്പൊതു
വാൾ-സുധാകരൻ തേലക്കാട്-എൻ. കേയിത്തട്ട-വരിക്കോലിൽ കേശവനുണ്ണി
ത്താൻ-ഏവൂർ പരമേശ്വരൻ-ചെറിയാൻ കെ. ചെറിയാൻ-കാവാലം നാരായണ
പ്പണിക്കർ-കെ.വി. തിക്കുറിശ്ശി-ഹരീന്ദ്രനാഥക്കുറുപ്പ്-മുട്ടത്തു സുധ-കോഴിശ്ശേരി
ബാലരാമൻ-ചാത്തനാത്ത് അച്യുതനുണ്ണി-പി.ടി. നരേന്ദ്രമേനോൻ-വി.കെ.
നാരായണൻ-പി.കെ. ഗോപി-ശ്രീധരനുണ്ണി-മലയത്ത് അപ്പുണ്ണി-കലാമണ്ഡലം
കേശവൻ-പി. കൃഷ്ണകുമാർ-ചേരാവള്ളി ശശി-ശ്രീഭവനം ഗോപാലകൃഷ്ണൻ-
പുയപ്പിള്ളി തങ്കപ്പൻ-കെ. പ്യാർ-പി.സി. വാസുദേവൻ ഇളയത്-പൊൻകുന്നം
സെയ്തുമുഹമ്മദ്-ആർ. സുഗതൻ-കുത്താട്ടുകുളം മേരി ജോൺ-ടി.എസ്.
പൊന്നമ്മ-പൊന്നറ സരസ്വതി-കനകശ്രീ-നവീനതയുടെ വ്യത്യസ്ത മുഖങ്ങൾ-
കെ. സച്ചിദാനന്ദൻ-പ്രേമ്ജി-നീലമ്പേരൂർ മധുസൂദനൻ നായർ-കെ.വി. രാമ
കൃഷ്ണൻ-മാധവൻ അയ്യപ്പത്ത്-ആറ്റൂർ രവിവർമ-എം.എൻ. പാലൂർ-കെ.ജി.
ശങ്കരപ്പിള്ള-കുഞ്ഞുണ്ണി-ഡി. വിനയചന്ദ്രൻ-വി. മധുസൂദനൻനായർ-ദേശമംഗലം
രാമകൃഷ്ണൻ-ഏറ്റുമാനൂർ സോമദാസൻ-നെല്ലിക്കൽ മുരളീധരൻ-കരൂർ ശശി-
എ. അയ്യപ്പൻ-ബാലചന്ദ്രൻ ചുള്ളിക്കാട്-ആർ. രാമചന്ദ്രൻ-പി. നാരായണ
ക്കുറുപ്പ്-യൂസഫലി കേച്ചേരി-ശ്രീകുമാരൻതമ്പി-പ്രതിജ്ഞാബദ്ധതയുടെ സ്വര
വും താളവും വീര്യവും-പൊൻകുന്നം ദാമോദരൻ-ഏഴാച്ചേരി രാമചന്ദ്രൻ-എൻ.
പ്രഭാവർമ-കുഞ്ഞപ്പ പട്ടാന്നൂർ-മുല്ലനേഴി നീലകണ്ഠൻ-എസ്. രമേശൻ-പഴവിള
രമേശൻ-ചവറ കെ. എസ്. പിള്ള-എം. കൃഷ്ണൻകുട്ടി -പെരുമ്പുഴ ഗോപാല

കൃഷ്ണനൻ-രാവുണ്ണി-ഇയ്യങ്കോട് ശ്രീധരൻ-ശ്രീരേഖ-മണമ്പൂർ രാജൻബാബു-
കുരീപ്പുഴ ശ്രീകുമാർ-എൻ. കെ. ദേശം-മുടാടി ദാമോദരൻ-വി.പി. വാസുദേവൻ-
എം. എൻ. കുറുപ്പ്-എസ്. രാജശേഖരൻ-വിശ്വമംഗലം സുന്ദരേശൻ-ഉമേഷ്ബാബു
കെ.സി.-കരിവെള്ളൂർ മുരളി-സി.പി. അബൂബേക്കർ-പോൾ കല്ലാനോട്-
എഴുമംഗലം കരുണാകരൻ-ശ്രീമാൻ-ഹരിഹരൻ പൂഞ്ഞാർ-ചെറുകാട്-ആർ.
മാധവൻ-പറക്കോട് എൻ.ആർ. കുറുപ്പ്- സിവിക് ചന്ദ്രൻ-ഉപഹാസകവിത:
ചെമ്മനം ചാക്കോ-മാനവികതയുടെ പച്ചത്തുരുത്തുകൾ-വിജയലക്ഷ്മി-
സാവിത്രി രാജീവൻ-ലളിതാ ലെനിൻ-റോസ് മേരി-പ്രമീളാദേവി-ബി. ലതികാ
നായർ-അമൃത-ഇന്ദിര അശോക്-ഒ.. വി. ഉഷ-കമലാ സുരയ്യ-മേലത്തു ചന്ദ്ര
ശേഖരൻ-കിളിമാനൂർ മധു-തോന്നയ്ക്കൽ നാരായണൻ-കിളിമാനൂർ രമാകാന്തൻ-
ചാത്തന്നൂർ മോഹൻ-ആർ. സനാതനൻ പിള്ള-മുതുകുളം ഗംഗാധരൻപിള്ള-
കെ.എസ്.പി. കർത്താവ്-പാപ്പനംകോട്ട് പ്രഭാകരൻ-പള്ളിപ്പുറം മുരളി-വൈരശ്ശേരി
മാധവൻ നമ്പൂതിരി- പറക്കോട് പ്രതാപചന്ദ്രൻ-പറവൂർ ഗോപാലകൃഷ്ണൻ-
കെ.വി. ബേബി-പി. ഉദയഭാനു-മഞ്ജുവെള്ളായണി-ഹൃഷികേശൻ പി.ബി.-രാജൻ
കൈലാസ്-തിലകൻ-നാലാപ്പാടം പത്മനാഭൻ-വി.ജെ. തോമസ്സ്- ബിനോയി
ചാത്തുരുത്തി- കെ. ജയകുമാർ-വി.ജി. തമ്പി-അമ്പലപ്പുഴ ഗോപകുമാർ-തകഴി
ശങ്കരനാരായണൻ-വിജയകുമാർ കുനിശ്ശേരി-ശ്രീധരൻ പത്തുവള്ളിൽ-ഇന്ദ്ര
ബാബു-ഗിരീഷ് പുലിയൂർ-കരുമാടി ബാലകൃഷ്ണൻ-പി. രാമൻ-റഫീക് അഹ
മ്മദ്-ടി.പി. രാജീവൻ-പി.പി. രാമചന്ദ്രൻ-അൻവർ അലി-കണിമോൾ-വി.എം.
ഗിരിജ-അടൂതല ജയപ്രകാശ്-ശിവദാസ് പുറമേരി-ലക്ഷ്മീദേവി-മേലൂർ വാസു
ദേവൻ-രാഘവൻ അത്തോളി-പവിത്രൻ തീക്കുനി-എൽ. തോമസുകുട്ടി-ദിവാകരൻ
വിഷ്ണുമംഗലം-സെബാസ്റ്റ്യൻ-വീരാൻകുട്ടി-സത്യചന്ദ്രൻ പൊയിൽക്കാവ്-
മാധവൻ പുറച്ചേരി-മോഹനകൃഷ്ണൻ കാലടി-എം.എം. സചീന്ദ്രൻ-ശശി മാവിൻ
മൂട്-ചുനക്കര രാമൻകുട്ടി-സത്യൻ മാടാക്കര-വിനോദ് വൈശാലി-അനിൽ പനച്ചൂ
രാൻ-ജാനകിക്കുട്ടി- ജസ്റ്റിസ് എ. ലക്ഷ്മിക്കുട്ടി-പുലിയൂർ രവീന്ദ്രൻ-മണി കെ.
ചെന്താപ്പൂര്-കയ്യുമ്മു-മുരുകൻ കാട്ടാക്കട-രാജൻ സി. എച്ച്.-ദിനേശൻ മൊകേരി-
ഉണ്ണികൃഷ്ണൻ മുതുകുളം-കവികൾ കാലത്തോടൊപ്പം-വിവർത്തനങ്ങൾ

അധ്യായം പതിനാറ്: നോവൽ 389-462

നോവലെന്നാൽ?-നോവൽ-പാശ്ചാത്യ പരികല്പന-സംസ്കൃതത്തിൽ-മലയാള
ത്തിൽ-ചരിത്രനോവൽ-സി.വി. രാമൻപിള്ള -മാർത്താണ്ഡവർമ-രാമരാജബഹദൂർ-
ധർമരാജ-അപ്പൻ തമ്പുരാൻ-ഭൂതരായർ-കെ.എം. പണിക്കർ-കേരളസിംഹം-
പുണർകോട്ടു സ്വരൂപം-പറങ്കിപ്പടയാളി-ധൂമകേതുവിന്റെ ഉദയം-കല്യാണമൽ-
ചേരമാൻ പെരുമാൾ-ശക്തൻ തമ്പുരാൻ-കേരളേശ്വരൻ-അയ്യപ്പൻ-അമൃതപുളിനം-
ചുവന്നകടൽ-പഞ്ചവൻകാട്-പുല്ലേരിക്കുഞ്ചു-ഫുൾമോനിയുടെയും കരുണയു
ടെയും കഥ-ഘാതകവധം-അപ്പു നെടുങ്ങാടി-കുന്ദലത-സാമൂഹിക നോവൽ-
ഇന്ദുലേഖ: ഒയ്യാരത്തു ചന്തുമേനോൻ-ചെറുവാലത്തു ചാത്തുനായർ-മീനാക്ഷി
-ഇന്ദുമതീസ്വയംവരം-സി. അന്തപ്പായി-നാലുപേരിലൊരുത്തൻ-സുകുമാരി-പരി
ഷ്കാരപ്പൊതി-പറങ്കോടീപരിണയം-സ്വരസ്വതീവിജയം-പരിഷ്കാരവിജയം-
പ്രേമാമൃതം-നരകത്തിൽനിന്ന്-അഫ്ഫന്റെ മകൾ-ബാലികാസദനം-ദേശ
സേവിനി-നവോത്ഥാനം-തകഴി- കേശവദേവ്-പൊറ്റെക്കാട്ട്-വൈക്കം മുഹമ്മദ്
ബഷീർ-പി.സി. കുട്ടികൃഷ്ണൻ (ഉറൂബ്)-നാഗവള്ളി-വെട്ടൂർ-കാരൂർ-നോവൽ
പുതിയ ജീവിതപ്രപഞ്ചത്തിലേക്ക്-എം.ടി. വാസുദേവൻ നായർ-മലയാറ്റൂർ
രാമകൃഷ്ണൻ-കെ. സുരേന്ദ്രൻ-വി.കെ.എൻ.-വിലാസിനി-പാറപ്പുറത്ത്-
നന്തനാർ-കോവിലൻ-ഇ.എം. കോവൂർ-എൻ.പി. മുഹമ്മദ്-ലളിതാംബിക അന്തർ
ജനം-ടി.എ. രാജലക്ഷ്മി-ജി. വിവേകാനന്ദൻ-പി. വത്സല-സി. രാധാകൃഷ്ണൻ-
പെരുമ്പടവം-ഉണ്ണികൃഷ്ണൻ പുതൂർ-പോഞ്ഞിക്കര റാഫി-ജോസഫ് മുണ്ട
ശ്ശേരി-പി. അയ്യനേത്ത്-ജി.എൻ. പണിക്കർ -ജോർജ് ഓണക്കൂർ-ടി.വി. വർക്കി-
പുളിങ്കുന്ന് ആന്റണി-നളിനിബേക്കൽ-എസ്.കെ. മാരാർ-ഇ. വാസു-വൈക്കം
ചന്ദ്രശേഖരൻനായർ-പി.കെ. ബാലകൃഷ്ണൻ-യു.എ. ഖാദർ-സി.എ. കിട്ടുണ്ണി-
വി.പി. മുഹമ്മദ്-ശ്രീധരൻ ചമ്പാട്-എൻ. കൃഷ്ണൻനായർ-കാവാലം വിശ്വനാഥ
ക്കുറുപ്പ്-പി.വി. തമ്പി-നൂറനാട് ഹനീഫ്-ജി. ബാലചന്ദ്രൻ-ഖാലിദ്-പി.എ.

മുഹമ്മദ് കോയ-വി.ടി. നന്ദകുമാർ-പമ്മൻ-മുട്ടത്തുവർക്കി-കാനം ഇ. ജെ.-സാറാ
തോമസ്-കെ.ബി. ശ്രീദേവി-പി.ആർ. ശ്യാമള-നോവലിൽ രാഷ്ട്രീയദർശനം-കെ.
നാരായണക്കുരുക്കൾ-ചെറുകാട്-എ.പി. കളയ്ക്കാട്-എം.കെ. ഗംഗാധരൻ-
മനോജ്-സതീഷ് ബാബു പയ്യന്നൂർ-ടി.കെ. രാമകൃഷ്ണൻ-പയ്യംപള്ളിൽ ഗോപാല
പിള്ള-ഇ.വി.ജി.-ആധുനികതയുടെ വിത്തുകൾ-ഒ.വി. വിജയൻ-കാക്കനാടൻ-
പുനത്തിൽ കുഞ്ഞബ്ദുള്ള-എം. മുകുന്ദൻ-പി. പത്മരാജൻ-കെ.എൽ. മോഹന
വർമ-സി.ആർ. പരമേശ്വരൻ-ആനന്ദ്-സേതു-മാടമ്പ് കുഞ്ഞുക്കുട്ടൻ-മാധവി
ക്കുട്ടി-ആത്മരോഷത്തിന്റെ തരംഗങ്ങൾ-സി.വി. ബാലകൃഷ്ണൻ-എം. സുകു
മാരൻ-എം.പി. നാരായണപിള്ള-കെ. രഘുനാഥൻ-ടി.വി. കൊച്ചുബാവ-പി. സുരേ
ന്ദ്രൻ-കെ.പി. രാമനുണ്ണി-വിനയൻ-എം. ഗോപിനാഥൻ നായർ-വ്യക്തി, സമൂഹം:
സമസ്യയും പൂരണവും-സക്കറിയാ-സാറാ ജോസഫ്-എൻ. പ്രഭാകരൻ-പി.വി.കെ.
പനയാൽ-കെ. രാധാകൃഷ്ണൻ-എൻ.പി. ഹാഫിസ് മുഹമ്മദ്- കിളിരൂർ രാധാ
കൃഷ്ണൻ-ഏകലവ്യൻ-രമേശൻ തമ്പുരാൻ- ഹരിഹരൻ പൂഞ്ഞാർ-ബി.എം.
സുഹ്റ-തോട്ടം രാജശേഖരൻ-കണ്ണൻ പെരുമുടിയൂർ-എൻ. മോഹൻ-ടി.എം.
എബ്രഹാം-ചന്ദ്രകല എസ്. കമ്മത്ത്-ടി.എൻ. പ്രകാശ്- കെ.പി. നിർമ്മൽ കുമാർ-
രാജൻ തിരുവോത്ത്-മാർട്ടിൻ ഈരേശ്ശേരിൽ-എസ്.കെ. വസന്തൻ-സിദ്ധാർത്ഥൻ
പരുത്തിക്കാട്-ശിവരാമൻ ചെറിയനാട്-പാങ്ങിൽ ഭാസ്കരൻ-ഇനിയും കാണേണ്ട
ജീവിതം-കോന്നിയൂർ നരേന്ദ്രനാഥ്-ജോസഫ് മറ്റം-എടത്വാ പരമേശ്വരൻ-
ഡി. രാജൻ-കെ. കൃഷ്ണ വാദ്ധ്യാർ-ജേക്കബ് നായത്തോട്-ടി.സി. ജോൺ-കെ.ജെ.
ബേബി- പി.ആർ. നാഥൻ-പി.കെ. മോഹനൻ-എ.എം. വാസുദേവൻപിള്ള-
ധനഞ്ജയൻ-സുമംഗല-മാധവൻ വല്ലച്ചിറ-മൊയ്തു പടിയത്ത്-പ്രസന്നൻ ചമ്പ
ക്കര-ഉണ്ണിക്കൃഷ്ണൻ തിരുവാഴിയോട്-ബാലകൃഷ്ണൻ മാങ്ങാട്-സി.ആർ.
ഓമനക്കുട്ടൻ-ടി.എൻ. ഗോപകുമാർ-നാരായൻ-അക്ബർ കക്കട്ടിൽ-ഹരിദാസ്
കരിവെള്ളൂർ-ജോസഫ് വൈറ്റില-നാലപ്പാട്ടു സുലോചന-മനോജ്-ഇ.പി. ശ്രീകു
മാർ-സൈമൺ ബ്രിട്ടോ-വി.ജെ. ജയിംസ്-നന്ദൻ-മാങ്ങാനം കുട്ടപ്പൻ-പി. കണ്ണൻ
കുട്ടി-അംബികാസുതൻ മാങ്ങാട്-രാജൻ പാനൂർ-യു.കെ. കുമാരൻ-മണിയൂർ ഇ.
ബാലൻ-എം. രാഘവൻ-സുറാബി-മൈന ഉമൈബാൻ- പി. രഘുനാഥ്-ഇ.
സന്തോഷ് കുമാർ-നീതാ പനയ്ക്കൽ- കോളത്തോൾ രാഘവൻ-എസ്. മഹാ
ദേവൻ തമ്പി-കെ. ദിലീപ് കുമാർ-വള്ളിക്കാവ് മോഹൻദാസ്-പുഷ്പൻ തിക്കോടി-
ആർ. ഉണ്ണി മാധവൻ-പി. മോഹനൻ-ഖദീജാ മുംതാസ്-ലെസിൻ എം.-രാഘവൻ
അത്തോളി-രാജു കെ. വാസു-കേശിനി കൃഷ്ണൻ-വിനു എബ്രഹാം-പി.എ. ഉത്ത
മൻ-എൻ. ഗോവിന്ദൻകുട്ടി-സി. അനൂപ്-കീച്ചേരി രാഘവൻ-എം.കെ. ചന്ദ്രശേഖ
രൻ-ജോർജ് ജോൺ-ബാബു ഭരദ്വാജ്-വിപിൻ-ബക്കളം ദാമോദരൻ-ജയപ്രകാശ്
അങ്കമാലി-പി.വി. ശ്രീവത്സൻ-ബെന്യാമിൻ-ടി.ഡി. രാമകൃഷ്ണൻ-കെ.പി.
സുധീര-സുഭാഷ്ചന്ദ്രൻ-ടി.കെ. അനിൽകുമാർ-എം.കെ. ചാന്ദ്‌രാജ്-ഹരിദാസൻ-
വി.എം. ദേവദാസ്-രമേശൻ ബ്ലാത്തൂർ-രാജാനന്ദൻ-എ.പി. ജ്യോതിർമയി-രാജൻ
കരുവാരകുണ്ട്-കൃഷ്ണദാസ്-എൻ.എസ്. മാധവൻ-പി.കെ. സുധി-സി. സോമൻ-
ജോസ് പനച്ചിപ്പുറം-ഇ. ഹരികുമാർ-കെ.എം. ജമീല-എ.എം. മുഹമ്മദ്-കെ.പി.
മാത്യൂസ്-അഷ്ടമൂർത്തി-കെ.സി. അജയകുമാർ-സുസ്മേഷ് ചന്ത്രോത്ത്-കെ.വി.
പ്രവീൺ-എസ്.ആർ. ലാൽ-പി.സി. എറികാട്-എം.എസ്. രത്നാകരൻ-കോട്ട
യ്ക്കൽ ശ്രീധർ-കെ. ഇന്ദിര- ഒ.വി. ഉഷ- കെ.പി. ഉണ്ണി- തിരൂർ ദിനേശൻ-കെ.
വാസുദേവൻ-വിജയൻ കുമ്പളങ്ങാട്-കെ. കവിത-പി.സി. ശ്രീവത്സൻ-പി.എൻ.
വിജയൻ-കെ.പി. ബാബുദാസ്-പി.എൻ. അരവിന്ദൻ-കണ്ണൻ കരിങ്ങാട്-എൻ.എം.
മുഹമ്മദാലി-ജി.ആർ. ഇന്ദുഗോപൻ- നോവൽ കാലത്തിനൊപ്പം-ബോധധാരാ
നോവൽ-ഡിറ്റക്ടീവ് നോവൽ-വിവർത്തനങ്ങൾ

അധ്യായം പതിനേഴ്: ചെറുകഥ 463-517

എന്താണ് കഥ?-വികാസപരിണാമങ്ങൾ-ആദ്യകാല മലയാള കഥകൾ-വേങ്ങയിൽ
കുഞ്ഞിരാമൻ നായനാർ-മൂർക്കോത്ത് കുമാരൻ-സി.എസ്. ഗോപാലപ്പണിക്കർ-
അമ്പാടി നാരായണപ്പൊതുവാൾ-എം.ആർ.കെ.സി-ഒടുവിൽകുഞ്ഞികൃഷ്ണ

മേനോൻ-കെ. സുകുമാരൻ-കുറ്റിപ്പുറത്ത് കിട്ടുണ്ണിനായർ-അപ്പൻ തമ്പുരാൻ-ഇ.വി. കൃഷ്ണപിള്ള-പുളിമാന-വി.ടി. ഭട്ടതിരിപ്പാട്-മൂത്തിരിങ്ങോട്ട് എം.ആർ.ബി.-നവോത്ഥാനഘട്ടം-തകഴി-കേശവദേവ്-പൊറ്റെക്കാട്ട്-പൊൻകുന്നം വർക്കി-വൈക്കം മുഹമ്മദ് ബഷീർ-പി.സി. കുട്ടികൃഷ്ണൻ-കാരൂർ-അന്തർജനം-നാഗവള്ളി-വെട്ടൂർ-കോവൂർ-വി.കെ.എൻ.- പുതൂർ-നവോത്ഥാനഘട്ടത്തിലെ മറ്റു കഥാകൃത്തുക്കൾ-കിട്ടുണ്ണി- റാഫി-ടാറ്റാപുരം-സരസതിയമ്മ-ടി.കെ.സി. വടുതല-കെ.ടി. മുഹമ്മദ്-കഥാരംഗത്തെ നർമബോധം-എൻ.പി. ചെല്ലപ്പൻനായർ-ജെ.കെ.വി.-ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി-സുബ്ബയ്യാപിള്ള-മലയാറ്റൂർ-ഇ. വാസു-കെ.എ. ദാമോദരമേനോൻ-കഥയും രാഷ്ട്രീയവും-സി. അച്യുതക്കുറുപ്പ്-ഡി.എം. പൊറ്റെക്കാട്-ചെറുകാട്-എൻ. ഗോവിന്ദൻകുട്ടി-കമ്മത്ത്-ഏ.പി. കളയ്ക്കാട്-ജോസ് ചാലങ്ങാടി-പെരുന്ന തോമസ്-കഥയുടെ പുതിയലോകം-പട്ടാളക്കഥകൾ: കോവിലൻ, പാറപ്പുറത്ത്, നന്തനാർ-വിനയൻ-ജീവിതത്തിന്റെ അകവും പുറവും-എൻ. മോഹനൻ-എം. ഗോവിന്ദൻ-ജയദേവൻ-പി.ഏ. മുഹമ്മദുകോയ-ജി.എൻ. പണിക്കർ-എസ്.കെ. മാരാർ-പി.എ. ദിവാകരൻ-പെരുമ്പടവം-കെ. ബാലകൃഷ്ണൻ-ഒ.പി. ജോസഫ്-ആധുനിക പ്രവണതകൾ-എം.ടി. വാസുദേവൻ നായർ-ടി. പത്മനാഭൻ-പട്ടത്തുവിള-മാധവിക്കുട്ടി-എൻ.പി. മുഹമ്മദ്-സി. രാധാകൃഷ്ണൻ-ജി. വിവേകാനന്ദൻ-സി.എൻ. ശ്രീകണ്ഠൻനായർ-മുട്ടത്തുവർക്കി-സിദ്ധാർഥൻ പരുത്തിക്കാട്-സതീഷ്ബാബു പയ്യന്നൂർ-എം.കെ. ഗംഗാധരൻ-ശിവരാമൻ ചെറിയനാട്-ആധുനികത-ശക്തിയും ദൗർബല്യവും-ഒ.വി. വിജയൻ-കാക്കനാടൻ-പുനത്തിൽ കുഞ്ഞബ്ദുള്ള-സേതു-എം. മുകുന്ദൻ-പത്മരാജൻ-എം.പി. നാരായണപിള്ള-സി.വി. ശ്രീരാമൻ-കെ.പി. നിർമൽകുമാർ-ആനന്ദ്-എം. സുകുമാരൻ-എസ്.വി. വേണുഗോപൻനായർ-സക്കറിയ-വി.പി. ശിവകുമാർ-വൈശാഖൻ-ടി.ആർ.-മുണ്ടൂർ കൃഷ്ണൻകുട്ടി-യു.ഏ. ഖാദർ-തുളസി-ഏകലവ്യൻ-ഇ.വി. ശ്രീധരൻ-എൻ.ടി. ബാലചന്ദ്രൻ-ഇ. ഹരികുമാർ-മോഹനവർമ-സി.വി. ബാലകൃഷ്ണൻ-പായിപ്ര രാധാകൃഷ്ണൻ-മുണ്ടൂർ സേതുമാധവൻ-ബാബു കുഴിമറ്റം-യു.കെ. കുമാരൻ-അക്ബർ കക്കട്ടിൽ-നളിനിബേക്കൽ-രാജലക്ഷ്മി-പി. വത്സല-സാറാതോമസ്-പി.ആർ. ശ്യാമള-മാനസി-നവഭാവുകത്വത്തിന്റെ പ്രകാശധാര-ടി.വി. കൊച്ചുബാവ-അശോകൻ ചരുവിൽ-വി.ആർ. സുധീഷ്-വി.എസ്. അനിൽകുമാർ-സാറാജോസഫ്-ഗ്രേസി-അഷിത-എൻ.എസ്. മാധവൻ-സി.ആർ. ഓമനക്കുട്ടൻ-ഹാഫിസ് മുഹമ്മദ്-അഷ്ടമൂർത്തി-ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്-പി. സുരേന്ദ്രൻ-എൻ. പ്രഭാകരൻ-കെ.പി. രാമനുണ്ണി-കെ.കെ രമേഷ്-എൻ.രാജൻ-പ്രഭാകരൻ പഴശ്ശി-ടി.എൻ. പ്രകാശ്-എം. രാജീവ്കുമാർ-പി.എഫ്. മാത്യൂസ്-എം.എ. റഹ്മാൻ-ആര്യാട് ഗോപി-ബാലകൃഷ്ണൻ മാങ്ങാട്-ജോയിക്കുട്ടി പാലത്തുങ്കൽ-തേക്കിൻകാട് ജോസഫ്-ജോസ് പനച്ചിപ്പുറം-അംബികാസുതൻ മാങ്ങാട്-കെ.ടി. ഗോപി-കിളിരൂർ രാധാകൃഷ്ണൻ-വത്സലൻ വാതുശ്ശേരി-ബി. സരസ്വതി-ശാഹുൽ വളപട്ടണം-മേതിൽ രാധാകൃഷ്ണൻ-ശ്രീകൃഷ്ണപുരം കൃഷ്ണൻകുട്ടി-ജോർജ് ജോസഫ്-വിക്ടർ ലീനസ്-ഇ.പി. സുഷമ-പി.കെ. ശ്രീനിവാസൻ-ഇലിപ്പക്കുളം രവീന്ദ്രൻ-ഗായത്രി-എസ്.ആർ. ലാൽ-പി. സോമൻ-യു.പി. ജയരാജ് -ചന്ദ്രമതി-കെ.പി. സുധീര-പ്രിയ എ. എസ്.-സിതാര എസ്-കെ.ആർ. മല്ലിക-ഒ.വി. ഉഷ-ഗീതാഹിരണ്യൻ-എം. രാഘവൻ-ആലപ്പുഴ ഖാദർ-പി.കെ. പാറക്കടവ്-ടി.പി. കിഷോർ-ഐസക്ക് ഈപ്പൻ-സന്തോഷ് ഏച്ചിക്കാനം-ബി. മുരളി-സുഭാഷ് ചന്ദ്രൻ-അയ്മനം ജോൺ-കെ.ആർ. മീര-സി.എസ്. ചന്ദ്രിക-മധുപാൽ-വിനു എബ്രഹാം-വിശ്വൻ പടനിലം-വി.പി. ഏലിയാസ്-ഗണേശ് പന്നിയത്ത്- ശ്രീകുമാരി രാമചന്ദ്രൻ-ടി.പി. വേണുഗോപാലൻ-രവിവർമ തമ്പുരാൻ-ഇ.പി. ശ്രീകുമാർ-ബി.എം. സുഹ്റ-മനോജ് ജാതവേദര്-സുസ്മേഷ് ചന്ദ്രോത്ത്-രേഖ-ആർ. ഉണ്ണി-പി.എ. ഉത്തമൻ-സി. അയ്യപ്പൻ-കെ.എ. സെബാസ്റ്റ്യൻ-ഇ. സന്തോഷ്കുമാർ-എൻ. പ്രദീപ്കുമാർ-ഹരിദാസ് കരിവെള്ളൂർ-വി.വി. കുമാർ-ബഷീർ മേച്ചേരി-പി.ആർ. വിജയകുമാർ-കഥാരംഗത്തെ പ്രകാശങ്ങൾ-വളർച്ചയുടെയും വികസനത്തിന്റെയും പാതയിൽ-സൈബർ കഥകൾ

അധ്യായം പതിനെട്ട്: നാടകം 518–557
നാടകോൽപ്പത്തി-ഭാരതീയ നാടകം-ഭരതമുനി-കഥ:-നാടകഘടകങ്ങൾ-ഗ്രീക്കു നാടകം-നോവലും നാടകവും-മലയാളനാടകം-പ്രാരംഭം-കേരളവർമ വലിയ കോയിത്തമ്പുരാൻ-ആയില്യംതിരുനാൾ മഹാരാജാവ്-തിരുവട്ടാർ നാരായണ പിള്ള-ചാത്തുക്കുട്ടി മന്നാടിയാർ-കൊട്ടാരത്തിൽ ശങ്കുണ്ണി-ഏ.ആർ-കൊച്ചീപ്പൻ തരകൻ-കല്ലൂർ ഉമ്മൻ പീലിപ്പോസ്-പി.എസ്. വാര്യർ-കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ-തോട്ടെയ്ക്കാട്ട് ഇക്കാവമ്മ-കണ്ടത്തിൽ വർഗീസുമാപ്പിള-വി.സി. ബാലകൃഷ്ണപ്പണിക്കർ-ടി.സി. അച്യുതമേനോൻ-കെ.സി. കേശവപിള്ള-എരുവയിൽ ചക്രപാണിവാര്യർ-കുട്ടമത്ത്-വിദ്വാൻ പി. കേളുനായർ-മുൻഷി രാമക്കുറുപ്പ്-പ്രഹസനങ്ങൾ-സി.വി. രാമൻപിള്ള-ഇ.വി. കൃഷ്ണപിള്ള-എൻ.പി. ചെല്ലപ്പൻനായർ-ടി.എൻ. ഗോപിനാഥൻ നായർ-ജഗതി എൻ.കെ. ആചാരി-ആനന്ദക്കുട്ടൻ-ചരിത്രനാടകങ്ങൾ-ഇ.വി. കൃഷ്ണപിള്ള-കൈനിക്കര പത്മനാഭപിള്ള-അപ്പൻതമ്പുൻ-കപ്പന കൃഷ്ണമേനോൻ-ഡോ. ചേലനാട്ട് അച്യുതമേനോൻ-പാട്ടത്തിൽ രാധാകൃഷ്ണമേനോൻ-സ്വാമി ബ്രഹ്മവ്രതൻ-ഉള്ളാട്ടിൽ ശങ്കരൻകുട്ടിമേനോൻ-വൈക്കം ചന്ദ്രശേഖരൻ നായർ-തിക്കോടിയൻ-കെ. പത്മനാഭൻ നായൻ-പൂജപ്പുര കൃഷ്ണൻനായർ-എൻ.പി. ചെല്ലപ്പൻനായർ-കെ.എം. പണിക്കർ-കെ.പി. കേശവമേനോൻ-കെ.എം. രാഘവൻ നമ്പ്യാർ-രാഷ്ട്രീയനാടകങ്ങൾ-കെ. ദാമോദരൻ-ഇടശ്ശേരി ഗോവിന്ദൻനായർ-കുട്ടനാട് കെ. രാമകൃഷ്ണപിള്ള-കേശവദേവ്-പൊൻകുന്നം വർക്കി-തകഴി-തോപ്പിൽ ഭാസി-പിരപ്പൻകോട് മുരളി-ടി.കെ. രാമകൃഷ്ണൻ-സി.ജെ. തോമസ്-പി.ജെ. ആന്റണി-കരിവെള്ളൂർ മുരളി-നാടകത്തിന്റെ വികാസദശകൾ-വി.ടി. ഭട്ടതിരിപ്പാട്-എം.ആർ.ബി.-എം.പി. ഭട്ടതിരിപ്പാട്-കെ. രാമകൃഷ്ണപിള്ള-പുളിമാന പരമേശ്വരൻപിള്ള-എൻ. കൃഷ്ണപിള്ള-സി.ജെ. തോമസ്-ചെറുകാട്-തോപ്പിൽ ഭാസി-കെ.ടി. മുഹമ്മദ്-എൻ.എൻ. പിള്ള-പൊൻകുന്നം വർക്കി-എസ്.എൽ. പുരം സദാനന്ദൻ-സി.എൻ. ശ്രീകണ്ഠൻ നായർ-ജി. ശങ്കരപ്പിള്ള-പി.ജെ. ആന്റണി-തിക്കോടിയൻ-കാവാലം നാരായണപ്പണിക്കർ-വളർച്ചയുടെ പാതയിൽ-കൈനിക്കര എം. കുമാരപിള്ള-പള്ളത്തു രാമൻ-സ്വാമി ബ്രഹ്മവ്രതൻ-മുൻഷി പരമുപിള്ള-സി. മാധവൻപിള്ള-കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള-ടി.കെ. രാമൻ മേനോൻ-തിക്കുറിശ്ശി സുകുമാരൻ നായർ-വൈക്കം ചന്ദ്രശേഖരൻനായർ-കെ.എസ്. നമ്പൂതിരി-പി.ആർ. ചന്ദ്രൻ-സുരാസു-ടി.എം. അബ്രഹാം-എരൂർ വാസുദേവൻ-ഇ.കെ. അയമു-എൻ. ഗോവിന്ദൻകുട്ടി-കാലടി ഗോപി-പി.എ. വാരിയർ-പൊൻകുന്നം ദാമോദരൻ-ആർ. നരേന്ദ്രപ്രസാദ്-വയലാ വാസുദേവൻപിള്ള-ടി.പി. സുകുമാരൻ-കടവൂർ ചന്ദ്രൻ പിള്ള-എ.എൻ. ഗണേശൻ-അസീസ്-എൻ. പ്രഭാകരൻ-പി. ബാലചന്ദ്രൻ-പി.എം. ആന്റണി-വാസുപ്രദീപ്-സേവ്യർ പുല്പാട്ട്-സി.പി. രാജശേഖരൻ-സി.ജി. ഗോപിനാഥ്-ശ്രീമന്ദിരം കെ.പി.-പി.വി. കുര്യാക്കോസ്-എം.ടി. വാസുദേവൻനായർ-എ.കെ. പുതിയങ്ങാടി-സി.എൽ. ജോസ്-പറവൂർ ജോർജ്-ഇബ്രാഹിം വെങ്ങരവീരൻ-പി. ഗംഗാധരൻ നായർ-ഓംചേരി നാരായണപിള്ള-പൂണിയിൽ സുരേന്ദ്രൻ-കുട്ടികൃഷ്ണമാരാർ-പി.എം. താജ്-മധുമാസ്റ്റർ-കരിവെള്ളൂർ മുരളി-കെ.പി. ബാലകൃഷ്ണൻ-കെ.പി. ചിദംബരം-ഫ്രാൻസിസ് ടി. മാവേലിക്കര-എൻ. ശശിധരൻ-ഇ.പി. രാജഗോപാലൻ-തുപ്പേട്ടൻ-പിരപ്പൻകോട് മുരളി-പുരുഷൻ കടലുണ്ടി-കെ. രാജ്മോഹൻ നീലേശ്വരം-ജോൺ ഫെർണാണ്ടസ്-ടി.കെ. അനിൽ-സതീഷ് കെ. സതീഷ് -ഗിരീഷ് ഗ്രാമിക-തോപ്പിൽ സോമൻ-സുരേഷ് ബാബു-കാഞ്ചിയാർ രാജൻ-രാജ് തോമസ്-നാടകകൃത്തുക്കളും നാടകങ്ങളും വീണ്ടും-ഹാസ്യനാടകം-ഏകാങ്കനാടകം-ആധുനികപ്രവണതകൾ-അസംബന്ധനാടകം-എപ്പിക് തീയേറ്റർ-ക്രൗര്യതനതു നാടകവേദി-തെരുവുനാടകം-സഫ്ദർ ഹാശ്മി-ദരിദ്രനാടകവേദി-കലാ നാടകവേദി -കുട്ടികളുടെ നാടകവേദി-സ്കൂൾ ഓഫ് ഡ്രാമാ-അമേചർ-ഇപ്റ്റ പ്രേരിതം-തൊഴിൽപരം-ഇന്ത്യൻ പീപ്പിൾസ് തീയേറ്റർ അസോസിയേഷൻ-

അധ്യായം പത്തൊൻപത്: സാഹിത്യവിമർശനം 558–630
എന്താണ് വിമർശനം?-സംസ്കൃതത്തിൽ-മലയാളത്തിൽ-സി.പി. അച്യുതമേനോൻ-വലിയകോയിത്തമ്പുരാൻ-ഏ. ആർ. രാജരാജവർമ-സാഹിത്യപഞ്ചാ

നനൻ-കെ. രാമകൃഷ്ണപിള്ള-വിമർശനം പുതിയ തലത്തിലേക്ക്-മൂർക്കോത്ത് കുമാരൻ-വിദ്വാൻ സി.എസ്. നായർ-നവീനസരണി-കേസരി ബാലകൃഷ്ണപിള്ള-എം.പി. പോൾ-കുട്ടികൃഷ്ണമാരാര്-ജോസഫ് മുണ്ടശ്ശേരി-കുറ്റിപ്പുഴ കൃഷ്ണപിള്ള -കെ.എൻ. എഴുത്തച്ഛൻ-എസ്. ഗുപ്തൻ നായർ-സുകുമാർ അഴീക്കോട്-എൻ. കൃഷ്ണപിള്ള-എം.പി. ശങ്കുണ്ണിനായർ-എം. ലീലാവതി-എം.എൻ.വിജയൻ-കെ. എം. ജോർജ്-തായാട്ട് ശങ്കരൻ-കെ.എം. തരകൻ-കെ. രാഘവൻപിള്ള-എ.പി.പി. നമ്പൂതിരി-എം. അച്യുതൻ-എൻ. വി. കൃഷ്ണവാരിയർ-എം.എസ്. മേനോൻ-എം. കൃഷ്ണൻനായർ-എം. കെ. സാനു-പാണ്ഡിത്യവും കാല്പനികതയും വിമർശനത്തിൽ-ശൂരനാട് കുഞ്ഞൻപിള്ള-കൈനിക്കര കുമാരപിള്ള-കെ. ഭാസ്കരൻനായർ-എ.ഡി. ഹരിശർമ-എസ്. കെ. നായർ-ടി.എം. ചുമ്മാർ-കെ.പി. നാരായണ പിഷാരോടി-പി.സി. വാസുദേവനിളയത്-ആറ്റൂർ കൃഷ്ണ പിഷാരോടി-വടക്കും കൂർ രാജരാജവർമ-കെ.എം. പണിക്കർ-പി. ദാമോദരൻ പിള്ള-ഐ.സി. ചാക്കോ-പി.എം. ശങ്കരൻ നമ്പ്യാർ-കുറുവാന്തൊടി ശങ്കരനെഴുത്തച്ഛൻ-പുത്തൻകാവ് മാത്തൻതരകൻ-ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ-പി.കെ. ബാലകൃഷ്ണൻ-സി. ജെ. തോമസ്-പി. ശങ്കരൻ നമ്പ്യാർ-പുത്തേഴത്തു രാമ മേനോൻ-വക്കം അബ്ദുൾഖാദർ- പി.കെ. നാരായണപിള്ള-പാറായിൽ ഉറുമീസ് തരകൻ-പി.കെ. പരമേശ്വരൻ നായർ-കൊടുപ്പുന്ന ഗോവിന്ദ ഗണകൻ-കെ.പി. ശരത്ചന്ദ്രൻ-കെ.എസ്. നാരായണപിള്ള-പി.വി. വേലായുധൻപിള്ള-എം.ആർ. ചന്ദ്രശേഖരൻ-കെ.എം. ഡാനിയൽ-കെ. സുരേന്ദ്രൻ-കെ. അയ്യപ്പപ്പണിക്കർ-പി. മിരാക്കുട്ടി- മാത്യു ഉലകംതറ-കാട്ടുമാടം നാരായണൻ-എം.പി. പണിക്കർ-കെ.പി. ശശിധരൻ-വി.എസ്. ശർമ്മ-കല്ലട രാമചന്ദ്രൻ-എം.എം. ബഷീർ-ജോർജ് ഇരുമ്പയം-എസ്. രാജശേഖരൻ-ഡി. ബഞ്ചമിൻ-കെ. ഗോപാലകൃഷ്ണൻ-എൻ. എൻ. കക്കാട്-എം. ഗംഗാധരൻ-സി. അച്യുതമേനോൻ-സി.പി. ശ്രീധരൻ-പവനൻ- എസ്.കെ. വസന്തൻ-ജി. എൻ. പണിക്കർ-ഷൊർണൂർ കാർത്തികേയൻ-കെ.പി. ശങ്കരൻ-കടത്തനാട്ട് നാരായണൻ-പി. അപ്പുക്കുട്ടൻ-എരുമേലി പരമേശ്വരൻപിള്ള-ബി. ഹൃദയകുമാരി- ആർ. വിശ്വനാഥൻ-മാർക്സിയൻ സാഹിത്യദർശനത്തിന്റെ പാതയിൽ-മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം: ഒരാമുഖം-ഇ.എം.എസ്. നമ്പൂതിരിപ്പാട്-കെ. ദാമോദരൻ-എം. എസ്. ദേവദാസ്-പി. ഗോവിന്ദപ്പിള്ള-ബാലറാം; അരവിന്ദാക്ഷൻ- ബാലമോഹൻ തമ്പി-സച്ചിദാനന്ദൻ-ബി. രാജീവൻ-കെ.ഇ.എൻ. കുഞ്ഞഹമ്മദ്-പി. വിജയൻ-എസ്. സുധീഷ്-ഹരിഹരൻ പൂഞ്ഞാർ-പി.കെ. പോക്കർ-എം. എം. നാരായണൻ-ആസാദ്-വിമർശനത്തിന്റെ പുതുവഴികൾ- എം. തോമസ് മാത്യു-ആർ. നരേന്ദ്രപ്രസാദ്-ബാലചന്ദ്രൻ വടക്കേടത്ത്-പ്രസന്നരാജ-ഗായത്രി-നിത്യചൈതന്യയതി- അകവൂർ നാരായണൻ-മാമ്പുഴ കുമാരൻ-പി. സോമൻ-എം.എൻ. കാരശ്ശേരി-ജി.എൻ. പിള്ള-എം.പി. വീരേന്ദ്രകുമാർ-ഇ.പി. രാജഗോപാലൻ- പ്രയാർ പ്രഭാകരൻ-കെ.എസ്. രവികുമാർ-എം. കെ. ഹരികുമാർ-എൻ. രാജൻ-ഇ. വി. രാമകൃഷ്ണൻ-പി.കെ. രാജശേഖരൻ-എസ്. എസ്. ശ്രീകുമാർ-പി. ഗീത-നവവിമർശനം-കെ.പി. അപ്പൻ-വി. രാജകൃഷ്ണൻ-ആഷാമേനോൻ-വി.സി. ശ്രീജൻ-പുതുസിദ്ധാന്തങ്ങൾ-സി.എസ്. ജയറാം-ജെ. ദേവിക-ദിലീപ്രാജ്-സി. എസ്. ബിജു- രാധിക സി. നായർ-ടി. ശ്രീവത്സൻ-പി. പി. രവീന്ദ്രൻ-സി. ജെ. ജോർജ്-സി. ബി. സുധാകരൻ-ടി.വി. മധു-സി. രാധാകൃഷ്ണൻ നായർ- കെ.വി. ദിലീപ്കുമാർ-ടി. ടി. ശ്രീകുമാർ-പ്രസക്തി-പി.പി. രവീന്ദ്രൻ-ധർമരാജ് അടാട്ട്-ജി. മധുസൂദനൻ-ചാത്തനാത്ത് അച്യുതനുണ്ണി-എം. കുട്ടികൃഷ്ണൻ- ഏറ്റുമാനൂർ സോമദാസൻ-എൻ.ആർ. ഗോപിനാഥൻ പിള്ള-കാവുമ്പായി ബാലകൃഷ്ണൻ-കെ.സി. പുരുഷോത്തമൻ-പ്രഭാകരൻ പഴശ്ശി-സി.എം. നീലകണ്ഠൻ-എരുമേലി പരമേശ്വരൻ പിള്ള-കെ.പി. മോഹനൻ-രാജൻ തിരുവോത്ത്- എൻ.ആർ. ഗ്രാമപ്രകാശ്-കുഞ്ഞിക്കണ്ണൻ വാണിമേൽ-പള്ളിപ്പുറം മുരളി-ആർ. ഭദ്രൻ-വി.യു. സുരേന്ദ്രൻ-എൻ.വി.പി. ഉണിത്തിരി- എൻ. മുകുന്ദൻ-സുനിൽ പി. ഇളയിടം-വി. സുകുമാരൻ-പി. നാരായണക്കുറുപ്പ്-കെ.ആർ. പ്രസാദ്- മേലത്ത് ചന്ദ്രശേഖരൻ- പന്മന രാമചന്ദ്രൻനായർ-ടി. പവിത്രൻ-സജിത മഠത്തിൽ-ഭരത് മുരളി-എം.വി. ദേവൻ-ഗവേഷണം; പഠനം-നിരൂപകരും നിരൂപണങ്ങളും വീണ്ടും

അധ്യായം ഇരുപത്: ഉപന്യാസം/ലേഖനം 631-643

തുടക്കവും പുരോഗതിയും-മലയാളത്തിൽ-കുഞ്ഞിക്കുട്ടൻ തമ്പുരാൻ-അപ്പൻ തമ്പുരാൻ-കേരള വർമ വലിയകോയിത്തമ്പുരാൻ-വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ-സി.പി. അച്യുതമേനോൻ-കെ. സുകുമാരൻ-മൂർക്കോത്ത് കുമാരൻ-എം. ആർ. രാജരാജവർമ-സി.വി. കുഞ്ഞിരാമൻ-ആർ. ഈശ്വരപിള്ള-കെ.ആർ. കൃഷ്ണപിള്ള-എൻ. ഗോപാലപിള്ള-ഇളംകുളം കുഞ്ഞൻപിള്ള-വക്കം അബ്ദുൾഖാദർ-സി.ബി. കുമാർ-കൈനിക്കര കുമാരപിള്ള-കെ. ഗോദവർമ-ആധുനിക പുരോഗതി-കെ. പി. കേശവമേനോൻ-ജി. ശങ്കരക്കുറുപ്പ്-കെ. ഭാസ്കരൻ നായർ-ശൂരനാട് കുഞ്ഞൻപിള്ള-വി.ടി. കുമാരൻ-എം. ഗോവിന്ദൻ-എം.ആർ.ബി.-എ.പി. ഉദയഭാനു-മൂർക്കോത്തു കുഞ്ഞപ്പ-വിക്രമൻ-ഡീ.സീ. കിഴക്കേമുറി-എൻ.വി. കൃഷ്ണവാരിയർ-ജി. പ്രിയദർശനൻ-എം.പി. നാരായണപിള്ള-കെ.കെ. രാഹുലൻ-നിത്യചൈതന്യയതി-അനിൽകുമാർ എ.വി.-കെ. സി. നാരായണൻ-ബാലചന്ദ്രൻ ചുള്ളിക്കാട്-അമ്പലപ്പുഴ രാമവർമ-ആണ്ടലാട്ട്-എസ്. ജയചന്ദ്രൻനായർ-റ്റി.ജി. വിജയകുമാർ-എൻ. ജയകൃഷ്ണൻ-എരുമേലി പരമേശ്വരൻപിള്ള-ബി. ഇക്ബാൽ-ഹമീദ് ചേന്ദമംഗലൂർ

അധ്യായം ഇരുപത്തിയൊന്ന്: ജീവചരിത്രം; ആത്മകഥ; തൂലികാചിത്രം 644-667

ജീവചരിത്രം-മലയാളത്തിൽ-വിശാഖം തിരുനാൾ-കേരളവർമ വലിയകോയിത്തമ്പുരാൻ-മഹച്ചരിതസംഗ്രഹം-രാമരായർ-ലക്ഷ്മണരായർ-ദിവാൻ സർ ടി. മാധവരായർ-എം.ടി. കുഞ്ഞുണ്ണി-ദേവജി ഭീമജി-സ്വദേശാഭിമാനി രാമകൃഷ്ണപിള്ള-കാറൽ മാർക്സിനെപ്പറ്റി-മോഹൻദാസ് ഗാന്ധി-തരവത്ത് അമ്മാളുഅമ്മ- ബുദ്ധചരിതം-തോമസ് പോൾ-സാഹിത്യപ്രണയികൾ-കേരളസാഹിത്യപ്രണയികൾ-പി.കെ. പരമേശ്വരൻനായർ-എൻ. ബാലകൃഷ്ണൻ നായർ- കെ.പി. ശങ്കരമേനോൻ-കെ.ടി. ഗോവിന്ദമേനോൻ-വിശ്വസാഹിത്യശില്പികൾ-എ.ഡി. ഹരിശർമ-പി. അനന്തൻപിള്ള-പള്ളിപ്പാട്ടു കുഞ്ഞുകൃഷ്ണൻ-ടി.എം. ചുമ്മാർ-വി. ഉണ്ണികൃഷ്ണൻ നായർ-എം.കെ. കുമാരൻ-എം.കെ. സാനു-എഴുമറ്റൂർ രാജരാജവർമ-എൻ.പി. വിജയകൃഷ്ണൻ-ജി. ഭാർഗവൻപിള്ള-പരവൂർ ശിവൻ-വിളക്കുടി രാജേന്ദ്രൻ-പാലക്കീഴ് നാരായണൻ-രവി കുറ്റിക്കാട്-ദലിത്ബന്ധു-എം.എൻ. കുറുപ്പ്-അപ്പുക്കുട്ടൻ വള്ളിക്കുന്ന്-സി. ഭാസ്കരൻ-ചന്തവിള രവി-എന്താണ് ആത്മകഥ-വൈക്കത്ത് പാച്ചുമൂത്തത്-സ്വദേശാഭിമാനി രാമകൃഷ്ണപിള്ള-ചങ്ങമ്പുഴ ഇ.വി. കൃഷ്ണപിള്ള-പി.ജെ. ആന്റണി-തിക്കോടിയൻ-എം.എസ്. ദേവദാസ്-ദക്ഷിണാമൂർത്തി-പാലാ സി.കെ. രാമചന്ദ്രൻ-സി. കേശവൻ-എം.എൻ. ഗോവിന്ദൻ നായർ-പുതുപ്പള്ളി രാഘവൻ-കുമ്പളത്തു ശങ്കുപ്പിള്ള-ടി.കെ. ഹംസ-കെ.ആർ. ഗൗരിയമ്മ-എൻ.സി. ശേഖരൻ-പവനൻ-പയ്യപ്പിള്ളി ബാലൻ-കെ. പാനൂർ-തൂലികാചിത്രം-സി. നാരായണപിള്ള-എരുമേലി പരമേശ്വരൻപിള്ള-സി.എ. കിട്ടുണ്ണി-ടി.എൻ. ജയചന്ദ്രൻ-എ.എൻ.ഇ. സുവർണവല്ലി

അധ്യായം ഇരുപത്തിരണ്ട്: ഹാസസാഹിത്യം 668-675

ലക്ഷണ നിർണയം-മലയാളത്തിൽ-തോലൻ-മുൻഷി രാമക്കുറുപ്പ്-സഞ്ജയൻ-ഇ. വി. കൃഷ്ണപിള്ള-വാണക്കുറ്റി-സീതാരാമൻ-കെ.എസ്. കൃഷ്ണൻ-എൻ.പി. ചെല്ലപ്പൻനായർ-പി.കെ. രാജരാജവർമ-ആനന്ദക്കുട്ടൻ-വി.കെ.എൻ.-എം.എൻ. ഗോവിന്ദൻനായർ-ചെറുകാട്-വേളൂർ കൃഷ്ണൻകുട്ടി-സുബ്ബയ്യാപിള്ള-കാമ്പിശ്ശേരി-ഗൗരീശപട്ടം-ശങ്കരൻനായർ-ചാലിൽ ജേക്കബ്-കെ.എസ്.പി. കർത്താവ്-സുകുമാർ-സി.പി. നായർ-അയ്പ് പാറമേൽ-മാർഷൽ-ഡീ.സീ. കിഴക്കെമുറി-കൃഷ്ണൻ പൂജപ്പുര-മാർ ക്രിസോസ്റ്റം-നൈന മണ്ണഞ്ചേരി

അധ്യായം ഇരുപത്തിമൂന്ന്: സഞ്ചാരസാഹിത്യം 676-682

പൊതുസ്വഭാവം-മലയാളത്തിൽ-വർത്തമാനപ്പുസ്തകം-ഊർശ്ലേംയാത്രാവിവരണം-ചതുബാലായനചരിത്രം-കാശിയാത്രാവിവരണം-കാശിയാത്രാചരിത്രം-അഷ്ടമിയാത്ര-ശൃംഗേരിയാത്ര-കുംഭകോണയാത്ര-ഒരു തീർത്ഥയാത്ര-രാമേശ്വരയാത്ര-സംഗമേശ്വരയാത്ര-ഹിമഗിരിയിലൂടെ-കാപ്പിരികളുടെ നാട്ടിൽ-നൈൽഡയറി-ഇന്ത്യോ

നേഷ്യൻ ഡയറി-ബാലിദ്വീപ്-പാതിരാസൂര്യന്റെ നാട്ടിൽ-ബിലാത്തിവിശേഷം-അമേരിക്കൻ യാത്രകൾ-അമേരിക്കയിലൂടെ-അമേരിക്കയിലെ അനുഭവങ്ങൾ-പുതുമയുടെ ലോകം-ആൾക്കൂട്ടത്തിൽ തനിയെ-അമേരിക്കൻ തിരശ്ശീല-കാനഡയിലൂടെ-അമേരിക്കയിൽ ഒരു മുത്തശ്ശി-അമേരിക്കൻ ഡയറി-അമേരിക്കയിൽ ഒരു മലയാളി-കഥാപ്രസംഗം അമേരിക്കയിൽ-സോവിയറ്റ് യൂണിയൻ-കമ്യൂണിസം കെട്ടിപ്പടുക്കുന്നവരുടെ കൂടെ-റഷ്യൻ പനോരമ-സോവിയറ്റ് യൂണിയനിലൂടെ-സോവിയറ്റ് ഡയറി-റഷ്യയിൽ-സോവിയറ്റ് യൂണിയനിൽ-എന്റെ റഷ്യൻ ഡയറി-ഭദ്രതയുടെ സമതലങ്ങളിൽ-വോൾഗയിൽ മഞ്ഞുപെയ്യുമ്പോൾ-ബീന കണ്ട റഷ്യ-ഇതര രാഷ്ട്രങ്ങൾ-എന്റെ ലണ്ടൻ ജീവിതം-ബർലിൻ ഡയറി-ഹോചിമിന്റെ നാട്ടിൽ-ചൈന മുന്നോട്ട്-രണ്ടു ചൈനയിൽ-ഗുണ്ടർട്ടിന്റെ നാട്ടിൽ-ഞാൻ കണ്ട യൂറോപ്പ്-ലണ്ടനിൽ-മലയാളി കണ്ട മാനില-കൊറിയൻ ഡയറി-മ്യൂനിച്ചിലെ സുന്ദരികളും സുന്ദരന്മാരും-അകലങ്ങളിലെ മനുഷ്യർ-രവീന്ദ്രന്റെ യാത്രകൾ-ബിലാത്തിവിശേഷം-പുതിയപാഠം-ശലഭയാത്രകൾ-യൂറോപ്പിൽ മഞ്ഞുകാലത്ത്-ഇന്ത്യയിൽ-പുരി മുതൽ നാസിക് വരെ-ഉണരുന്ന ഉത്തരേന്ത്യ-ഉത്തരസ്യാംദിശി-ഹിമാലയസാമ്രാജ്യത്തിൽ-ഹിമവാന്റെ നാട്ടിൽ-ശാക്യമുനിയുടെ നാട്ടിൽ

അധ്യായം ഇരുപത്തിനാല്: ബാലസാഹിത്യം 683-693

പ്രാധാന്യം-തുടക്കവും പുരോഗതിയും-മലയാളത്തിൽ-പാഠമാല-ഈസോപ്പുകഥകൾ-കുമാരനാശാൻ-ബാലരാമായണം-പുഷ്പവാടി-ഉള്ളൂർ-ചങ്ങമ്പുഴ-മാത്യു എം. കുഴിവേലി-കാരൂർ-സി.എ. കിട്ടുണ്ണി-ജി. ശങ്കരക്കുറുപ്പ്-പാലാ-വൈലോപ്പിള്ളി-അക്കിത്തം-ഉറൂബ്-കുഞ്ഞുണ്ണി-പി. നരേന്ദ്രനാഥ്-മാലി-പി.ടി. ഭാസ്കരപ്പണിക്കർ-ഏവൂർ പരമേശ്വരൻ-എസ്. ശിവദാസ്-സി.ജി. ശാന്തകുമാർ-സിപ്പി പള്ളിപ്പുറം-ശിവരാമൻ ചെറിയനാട്-എ. വിജയൻ-പി.ഐ. ശങ്കരനാരായണൻ-ഇ.എ. കരുണാകരൻനായർ-ശ്രീപാദം-പള്ളിയറ ശ്രീധരൻ-സി.ആർ. ദാസ്-കെ. ശ്രീകുമാർ-പ്രഭാകരൻ പഴശ്ശി-ഇതര ബാലസാഹിത്യകാരന്മാർ.

അധ്യായം ഇരുപത്തിഅഞ്ച്: വിജ്ഞാന സാഹിത്യം 694-751

സാഹിത്യചരിത്രം-ഭാഷാശാസ്ത്രം-വ്യാകരണം, വൃത്തം, അലങ്കാരശാസ്ത്രം-കല-നിഘണ്ടു; വിജ്ഞാനകോശം-ചരിത്രം; സംസ്കാരം-പഴഞ്ചൊല്ലുകൾ, ഐതിഹ്യങ്ങൾ-വിദ്യാഭ്യാസം-ശാസ്ത്രസാഹിത്യം-ചലച്ചിത്രസാഹിത്യം- ഇതരവിജ്ഞാനശാഖകൾ-മനഃശാസ്ത്രം-മതം-തത്ത്വചിന്ത-രാഷ്ട്രവിജ്ഞാനം-സാമൂഹിശാസ്ത്രം-നിയമം-താരതമ്യ സാഹിത്യപഠനം-സംസ്കാരപഠനം-ഭക്തിസാഹിത്യപ്രസ്ഥാനം-ദലിത്സാഹിത്യം-സ്ത്രീവാദസാഹിത്യം-വിവർത്തനം

അധ്യായം ഇരുപത്തിയാറ്: പരിശിഷ്ടം 752-773

സാഹിത്യപ്രസ്ഥാനങ്ങൾ-ഇസങ്ങൾ-ക്ലാസ്സിസം-നിയോക്ലാസ്സിസം-കാല്പനികത-മിസ്റ്റിസിസം-സിംബലിസം-റിയലിസം-ക്രിട്ടിക്കൽ റിയലിസം-സോഷ്യലിസ്റ്റ് റിയലിസം-സൈക്കോളജിക്കൽ റിയലിസം-സർറിയലിസം-ഫ്യൂച്ചറിസം-ഈസ്തീറ്റിസിസം-നാച്വറലിസം-ഇംപ്രഷനിസം-എക്സ്പ്രഷനിസം-ഇമേജിസം-ഘടനാവാദം-എക്സിസ്റ്റൻഷ്യലിസം-ഹ്യൂമനിസം-മാജിക്കൽ റിയലിസം-ദാദായിസം-ഇതര ഇസങ്ങൾ-മിഥ്-ഗീതകം-ആധുനികത-ഉത്തരാധുനികത-ആധുനികോത്തരവാദം-അപനിർമാണം-ബ്ലോഗ്-നവസക്ഷരസാഹിത്യം-പട്ടത്താനം-സാഹിത്യസാംസ്കാരികസംഘടനകൾ-ഭാഷാപോഷിണിസഭ-സമസ്തകേരള സാഹിത്യപരിഷത്ത്-പുരോഗമനസാഹിത്യസംഘടന-കേരള ഗ്രന്ഥശാലാസംഘം-അക്കാദമികൾ-സ്മാരകങ്ങൾ-അച്ചടി-പത്രപ്രവർത്തനം-പട്ടത്താനം-പ്രസ് അക്കാദമി-പുസ്തക പ്രസിദ്ധീകരണശാലകൾ

ഗ്രന്ഥകാരസൂചി 774

അധ്യായം ഒന്ന്

ഭാഷയുടെ ഉൽപത്തി

ആമുഖം

ഭാഷ, ചരിത്രം, സാഹിത്യം ഇവ പരസ്പരബന്ധിതങ്ങളാണ്; അന്യോന്യാശ്രിതങ്ങളും. ഭാഷ കൈകാര്യം ചെയ്യാൻ സാധിച്ചതോടെ മനുഷ്യപുരോഗതിയുടെ അടിത്തറ പാകി. മനുഷ്യജീവിതത്തോടൊപ്പം ചരിത്രവും ആരംഭിക്കുന്നു. മനുഷ്യരുടെ പ്രവർത്തനങ്ങളും അനുഭവങ്ങളും ഓർമകളും ചരിത്രത്തിന്റെ ഭാഗമാണ്. അനുഭവങ്ങളും ഓർമകളും ഭാഷയുടെ സഹായത്തോടെ രേഖപ്പെടുത്താൻ കഴിഞ്ഞപ്പോൾ മനുഷ്യപുരോഗതി സുപ്രധാനമായ ഘട്ടത്തിലേക്കു കടന്നു. ഭൂത-വർത്തമാനങ്ങളെ അന്യോന്യം ബന്ധിപ്പിക്കുന്ന ജീവിതഘടകമാണിത്. ഈ നൈരന്തര്യം ഇന്നലെകളുടെ തുടർച്ചയാണ്. ഇന്ന് എന്ന ചരിത്രബോധം സമൂഹജീവിതത്തിന്റെ നിയാമകശക്തിയായി തീരുന്നു. ഈ അവസരത്തിലാണു സാഹിത്യം ചിന്താവിഷയമാകുന്നത്. ഭൂതകാലപ്രവർത്തനങ്ങളുടെയും അനുഭവങ്ങളുടെയും രേഖാപ്രമാണമാണ് ചരിത്രം. അനുഭവതീക്ഷ്ണമായ ജീവിതത്തിന്റെ വൈകാരികവും വൈചാരികവും സൗന്ദര്യാത്മകവും ഭാവാത്മകവും ആയ ആവിഷ്കാരമാണ് സാഹിത്യം. ജീവിതം ചലനാത്മകവും പുരോഗമനോന്മുഖവുമാണ്. ഇവ രണ്ടും ചരിത്രത്തിലും സാഹിത്യത്തിലും പ്രതിഫലിക്കുന്നു. ദേശീയമോ പ്രാദേശികമോ ആയ ഭരണസംവിധാനത്തിന്റെയും സാമൂഹികവ്യവസ്ഥയുടെയും അടിസ്ഥാനത്തിൽ ചരിത്രകാരന് ഒരു സാമൂഹികവീക്ഷണം ഉണ്ടാകും. വീക്ഷണത്തിനു പ്രേരകമായ പല ഘടകങ്ങളും ഉണ്ടാകാം. വീക്ഷണം ചരിത്രരചനയെ സ്വാധീനിക്കും. ഈ ആശയം സാഹിത്യകാരനെ സംബന്ധിച്ചും പ്രസക്തമാണ്. ഒരേകാലത്ത്, ഒരേ സാമൂഹിക പരിസരത്തിൽ രൂപംകൊള്ളുന്ന ചരിത്രഗ്രന്ഥങ്ങളും സാഹിത്യകൃതികളും കാഴ്ചപ്പാടുകളിൽ വ്യത്യസ്തമാകുന്നത് നാം തിരിച്ചറിയുന്നു.

ചരിത്രവും സാഹിത്യചരിത്രവും

സാഹിത്യ ചരിത്രരചന കൂടുതൽ സങ്കീർണവും സൂക്ഷ്മാപഗ്രഥനം ആവശ്യപ്പെടുന്നതും ആകുന്നു. വൈവിധ്യവും വൈരുധ്യവും വീക്ഷണപരമായ വ്യത്യസ്തതകളും ഉണ്ടെങ്കിലും മനുഷ്യന്റെ ഭൗതികവും അഭൗതികവും ആയ ചിന്തകളുടെ വസ്തുനിഷ്ഠവും ആത്മനിഷ്ഠവും ആയ അക്ഷരസാന്നിധ്യമാണ് സാഹിത്യം. സാമൂഹികവും സാംസ്കാരികവും ആയ ഘടകങ്ങൾ അതിൽ അന്തർഭവിച്ചിരിക്കുന്നു. ചരിത്രം ഒരു പൊതുവിഷയമാകുന്നു. അതിനു പല ഉപവിഭാഗങ്ങളുണ്ട്—രാഷ്ട്രീയചരിത്രം, സാമൂഹികചരിത്രം, സാംസ്കാരികചരിത്രം, വിദ്യാഭ്യാസചരിത്രം, മതചരിത്രം എന്നിങ്ങനെ. ഈ വിഷയങ്ങൾ സാഹിത്യത്തിനും അന്യമല്ല. മാത്രവുമല്ല, സാഹിത്യസൃഷ്ടിക്കു പ്രേരകമായ ഭൗതികഘടകങ്ങളുമാണിവ. സാമൂഹിക-സാംസ്കാരിക ചരിത്രത്തോടും മനുഷ്യരുടെ ചിന്താപരമായ വളർച്ചയോടും സാഹിത്യകാരൻ സത്യസന്ധത പുലർത്തേണ്ടതുണ്ട്. ഏതുകാലത്താണോ അഥവാ ഏതു പശ്ചാത്തലത്തിലാണോ സാഹിത്യ കൃതികൾ